# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 12.09.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. മുതിർന്ന കമ്മ്യൂണിസ്റ്റ് നേതാവും സിപിഐ(എം) ജനറൽ സെക്രട്ടറിയുമായ സീതാറാം യെച്ചൂരി അന്തരിച്ചു. അനുശോചനം രേഖപ്പെടുത്തി രാഷ്ട്രപതി, പ്രധാനമന്ത്രി, മുഖ്യമന്ത്രി ഉൾപ്പെടെയുള്ള പ്രമുഖർ.

   **CPI(M) General Secretary Sitaram Yechury passed away today after a prolonged illness. President, PM , Kerala CM and others expressed condolences**

2. വ്യോമയാന മേഖലയുടെ മികച്ച ഭാവി രൂപീകരിക്കുക എന്നത് ലോകരാഷ്ട്രങ്ങളുടെ കൂട്ടായ ഉത്തരവാദിത്തമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Prime Minister Narendra Modi said that it is the collective responsibility of the nations of the world to create a better future for the aviation sector**

3. ലോകത്തെ വിവിധ സാമ്പത്തിക ശക്തികളെ ബന്ധിപ്പിക്കുന്ന സാമ്പത്തിക ഇടനാഴി സൃഷ്ടിക്കാനുള്ള ശ്രമം ഊർജിതമാക്കണമെന്ന് വിദേശകാര്യമന്ത്രി എസ്.ജയ്ശങ്കർ.

   **External Affairs Minister S. Jaishankar said that the effort to create an economic corridor that connects the various economic powers of the world should be intensified.**

4. സംസ്ഥാനങ്ങൾക്ക് കൂടുതൽ നികുതി വിഹിതം നൽകാൻ കേന്ദ്രം തയ്യാറാകണമെന്ന് ധനമന്ത്രിമാരുടെ കോൺക്ലേവിൽ മുഖ്യമന്ത്രി പിണറായി വിജയൻ.

**The Center should be ready to pay more tax share to the states said Chief Minister Pinarayi Vijayan at the Conclave of Finance Ministers**

5. ജൈവ സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ കാലഘട്ടത്തിനാണ് ഇന്ത്യ തുടക്കമിടുന്നതെന്ന് കേന്ദ്രസഹമന്ത്രി ജിതേന്ദ്ര സിംഗ്.

**Union Minister of State Jitendra Singh said that India is opening an era based on bio-technology.**

6. പുരുഷന്മാരുടെ ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി ഹോക്കി ടൂർണമെന്റിൽ കൊറിയക്കെതിരെ ഇന്ത്യക്ക് ജയം.

**In hockey, defending champions India defeated Korea at the Men's Asian Champions Trophy and entered the semifinals**

****************************

## SITARAM YECHURY

മുതിർന്ന കമ്മ്യൂണിസ്റ്റ് നേതാവും സിപിഐ(എം) ജനറൽ സെക്രട്ടറിയുമായ സീതാറാം യെച്ചൂരി അന്തരിച്ചു. 72 വയസ്സായിരുന്നു. ശ്വാസകോശസംബന്ധമായ അസുഖത്തെ തുടർന്ന് ന്യൂഡൽഹി എയിംസിൽ ഏറെ നാളായി ചികിത്സയിലായിരുന്നു അദ്ദേഹം. ഭൗതിക ശരീരം ന്യൂഡൽഹിയിലെ എ കെ ജി ഭവനിൽ മറ്റെന്നാൾ പൊതുദർശനത്തിന് വെക്കും. തുടർന്ന് അദ്ദേഹത്തിൻറെ ആഗ്രഹപ്രകാരം ഭൗതിക ശരീരം മെഡിക്കൽ പഠനത്തിനായ് എയിംസിന് കൈമാറും.

****************************

## YECHURY PROFILE (INTRO)

സജീവവും സവിശേഷവുമായ ഇടപെടലുകളിലൂടെ ഏറെക്കാലമായി ഇന്ത്യൻ രാഷ്ട്രീയത്തിൽ നിർണായക സാന്നിധ്യമായിരുന്നു സീതാറാം

യെച്ചൂരി. 2005-മുതൽ 2017 വരെ ബംഗാളിൽ നിന്നുള്ള രാജ്യസഭാംഗമായിരുന്നു. നിരവധി ജനകീയ വിഷയങ്ങൾ ശ്രദ്ധേയമാം വിധം പാർലമെൻറിൽ ഉയർത്തിക്കാട്ടിയിട്ടുണ്ട്.
ഒരു റിപ്പോർട്ട്

(വോയിസ്.........)

***************************

## CONDOLENCE NATIONAL

സിപിഐ (എം) ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരിയുടെ നിര്യാണത്തിൽ രാജ്യമെമ്പാടുമുള്ള പ്രമുഖർ അനുശോചനം രേഖപ്പെടുത്തി. വിദ്യാർത്ഥി നേതാവെന്ന നിലയിലും ദേശീയ രാഷ്ട്രീയത്തിലും തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച നേതാവായിരുന്നു സീതാറാം യെച്ചൂരിയെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു പറഞ്ഞു. ഇടതുപക്ഷത്തിൻ്റെ സുപ്രധാന നേതാവായിരുന്നു യെച്ചൂരിയെന്നും, രാഷ്ട്രീയ ശ്രേണിയിലുടനീളം പാർട്ടിഭേദമന്യേ ഇടപെടാൻ അദ്ദേഹത്തിന് കഴിഞ്ഞതായും പ്രധാനമന്ത്രി നരേന്ദ്രമോദി അനുശോചന സന്ദേശത്തിൽ കുറിച്ചു. രാജ്യത്തിൻറെ വൈവിധ്യത്തെ കുറിച്ച് ആഴത്തിലുള്ള ധാരണയുള്ള സീതാറാം യെച്ചൂരി ഒരു നല്ല സുഹൃത്തായിരുന്നെന്ന് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ

ഗാന്ധി അഭിപ്രായപ്പെട്ടു.

***************************

## YECHURY – CM (INTRO)

സിപിഐഎം ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരിയുടെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചനം രേഖപ്പെടുത്തി. യെച്ചൂരിയുടെ വിയോഗം അങ്ങേയറ്റം വേദനാജനകമാണെന്ന് അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ്...........)

***************************

## CONDOLENCE- KERALAM

അന്തരിച്ച സിപിഐഎം ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരിയുടെ നിര്യാണത്തിൽ കേരളത്തിലെ ഭരണ-പ്രതിപക്ഷ നേതാക്കൾ അനുശോചനം രേഖപ്പെടുത്തി. ഇന്ത്യയിലെ ഇടതുപക്ഷത്തിന്റെ മുഖമായിരുന്നു യെച്ചൂരിയെന്ന് മന്ത്രി പി രാജീവും അദ്ദേഹത്തിന്റെ വേർപാട് കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് നികത്താനാവാത്ത നഷ്ടമാണെന്ന് സ്പീക്കർ എ എൻ ഷംസീറും അനുസ്മരിച്ചു. മതേതര മൂല്യങ്ങൾക്കായി നിലകൊണ്ട പൊതുപ്രവർത്തകനായിരുന്നു യെച്ചൂരിയെന്ന് കെപിസിസി അധ്യക്ഷൻ കെ സുധാകരൻ അനുസ്മരിച്ചു.

****************************

## PM - ASIA PACIFIC CONFERENCE (INTRO)

വ്യോമയാന മേഖലയുടെ മികച്ച ഭാവി രൂപീകരിക്കുക എന്നത് ലോകരാഷ്ട്രങ്ങളുടെ കൂട്ടായ ഉത്തരവാദിത്തമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. സിവിൽ വ്യോമയാനം സംബന്ധിച്ച രണ്ടാമത്തെ ഏഷ്യാ-പസഫിക് മന്ത്രിതല സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. വ്യോമയാന രംഗത്തെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പുതിയ ഉയരങ്ങളിൽ എത്തിക്കുന്നതിനുള്ള മാർഗരേഖയായ ഡൽഹി പ്രഖ്യാപനം, മേഖലയിൽ സുസ്ഥിര വളർച്ച ഉറപ്പു വരുത്തുമെന്ന് പ്രധാനമന്ത്രി പറഞ്ഞു.

( പി.എം വോയിസ് )

ഐസിഎഒയുടെ 80 വർഷത്തെ സ്മരണയ്ക്കായി 80,000 മരങ്ങൾ നട്ടുപിടിപ്പിക്കുമെന്ന് പ്രധാനമന്ത്രി നേരത്തെ സമ്മേളനത്തിൽ പ്രഖ്യാപിച്ചിരുന്നു. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഇന്നലെയാണ് സമ്മേളനത്തിന് തുടക്കമായത്.

****************************

## JAISHANKAR - SWITZERLAND

രണ്ട് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി വിദേശകാര്യമന്ത്രി എസ് ജയ് ശങ്കർ ഇന്ന് സ്വിറ്റ്സർലൻഡിലെത്തി. സാമ്പത്തിക

നഷ്ടത്തിനുള്ള സാധ്യത കുറയ്ക്കുകയാണ് എല്ലാ വലിയ സാമ്പത്തിക ശക്തികളും ലക്ഷ്യമിടുന്നതെന്നും ഇതിന്റെ ഭാഗമായി ലോകത്തെ വിവിധ സാമ്പത്തിക ശക്തികളെ ബന്ധിപ്പിക്കുന്ന സാമ്പത്തിക ഇടനാഴി സൃഷ്ടിക്കാനാണ് പരിശ്രമിക്കേണ്ടതെന്നും വിദേശകാര്യമന്ത്രി പറഞ്ഞു. ഐക്യരാഷ്ട്ര സഭ പ്രതിനിധിയുമായി, ജനീവയിൽ നടത്തിയ കൂടിക്കാഴ്ചയിലാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്. സൗദി അറേബ്യ, ജർമ്മനി എന്നീ രാജ്യങ്ങൾ സന്ദർശിച്ച ശേഷമാണ് ശ്രീ.ജയ് ശങ്കർ സ്വിറ്റസർലണ്ടിൽ എത്തുന്നത്.

****************************

## PM-PARALYMPICS

2024 ലെ പാരീസ് പാരാലിമ്പിക്സിൽ പങ്കെടുത്ത ഇന്ത്യൻ സംഘവുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി സംവദിച്ചു. പ്രധാനമന്ത്രിയുടെ ന്യൂഡൽഹിയിലെ വസതിയിലായിരുന്നു കൂടിക്കാഴ്ച. കായികമേളയിൽ ഉജ്ജ്വല പ്രകടനം കാഴ്ച വച്ച് രാജ്യത്തിന് അഭിമാനമായ കായികതാരങ്ങളെ ശ്രീ മോദി അഭിനന്ദിച്ചു. കേന്ദ്ര കായിക മന്ത്രി മൻസുഖ് മാണ്ഡവ്യയും പാരാലിമ്പിക് കമ്മിറ്റി ഓഫ് ഇന്ത്യയുടെ അധ്യക്ഷൻ ദേവേന്ദ്ര ജജാരിയയും കൂടിക്കാഴ്ചയിൽ സന്നിഹിതരായിരുന്നു.

****************************

## KERALA CM

പതിനഞ്ചാം ധനകാര്യ കമ്മീഷന് നൽകിയ നിവേദനത്തിൽ സംസ്ഥാനങ്ങളുടെ നികുതി വിഹിതം 50 ശതമാനമായി ഉയർത്തണമെന്ന് ആവശ്യപ്പെട്ടതായി മുഖ്യമന്ത്രി പിണറായി വിജയൻ. പതിനാറാം ധനകാര്യ കമ്മീഷനുമായി ബന്ധപ്പെട്ട നിലപാടുകൾ തീരുമാനിക്കുന്നതിനായി ചേർന്ന ധനമന്ത്രിമാരുടെ കോൺക്ലേവ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേന്ദ്രം പിരിച്ചെടുക്കുന്ന നികുതിയിൽ സംസ്ഥാനങ്ങൾക്ക് കൂടുതൽ വിഹിതം നൽകണമെന്ന ആവശ്യത്തിന് പ്രസക്തിയുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. ധനമന്ത്രി കെ.എൻ.ബാലഗോപാലിനൊപ്പം തെലങ്കാന, കർണാടക, പഞ്ചാബ്, തമിഴ്നാട് സംസ്ഥാനങ്ങളിലെ മന്ത്രിമാർ കോൺക്ലേവിൽ പങ്കെടുക്കുന്നുണ്ട്.

***************************

## SC STAYS NGT ORDER

പൂനെയിൽ, ഗണപതി വിഗ്രഹ നിമജ്ജന ഘോഷയാത്രസംഘങ്ങളിലെ അംഗങ്ങളുടെ എണ്ണം നിയന്ത്രിച്ചുള്ള ദേശീയ ഹരിത ട്രിബ്യൂണൽ ഉത്തരവ് സുപ്രീം കോടതി സ്റ്റേ ചെയ്തു. ഓരോ സംഘത്തിലെയും അംഗങ്ങളുടെ എണ്ണം 30 ആയി പരിമിതപ്പെടുത്തിയ ഉത്തരവാണ് ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് സ്റ്റേ ചെയ്തത്. സെപ്റ്റംബർ 17-ന് ഗണപതി നിമജ്ജനം നടക്കുമെന്ന് സൂചിപ്പിച്ചതിനെത്തുടർന്ന്, ജസ്റ്റിസുമാരായ ജെ.ബി. പർദിവാല, മനോജ് മിശ്ര എന്നിവരടങ്ങിയ ബെഞ്ച് വിഷയം അടിയന്തരമായി കേൾക്കുകയായിരുന്നു.

***************************

## CHAMPIONS TROPHY

ചൈനയിൽ നടക്കുന്ന പുരുഷന്മാരുടെ ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി ഹോക്കി ടൂർണമെന്റിൽ കൊറിയയെ പരാജയപ്പെടുത്തി ഇന്ത്യ സെമിയിൽ കടന്നു. ഒന്നിനെതിരെ മൂന്നു ഗോളുകൾക്കാണ് നിലവിലെ ചാമ്പ്യന്മാരായ ഇന്ത്യ, കൊറിയയെ പരാജയപ്പെടുത്തിയത്. ശനിയാഴ്ച നടക്കുന്ന മത്സരത്തിൽ പാകിസ്ഥാനാണ് ഇന്ത്യയുടെ എതിരാളി.

***************************

## ISL

ഐ എസ് എൽ ഫുട്ബോളിന് നാളെ തുടക്കമാകും. ആദ്യ മത്സരം മോഹൻ ബഗാനും മുംബൈയും തമ്മിൽ. ഞായറാഴ്ച പഞ്ചാബ് എഫ് സിയുമായാണ് കേരള ബ്ലാസ്റ്റേഴ്സിന്റെ ആദ്യ മത്സരം.

***************************

## AMOEBIC ENCEPHALITIS—DISCHARGE

അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്ന 10 പേരും ആശുപത്രി വിട്ടു. ലോകത്ത് ആകെ രോഗമുക്തി നേടിയ 25 പേരിൽ 14 പേരും കേരളത്തിൽ നിന്നാണ്. തുടക്കം മുതൽ കൃത്യമായി രോഗനിർണയം നടത്തുകയും ഫലപ്രദമായ ചികിത്സ നൽകുകയും ചെയ്തത് കൊണ്ടാണ് ഇത്രയേറെ പേരെ ഭേദമാക്കാൻ കഴിഞ്ഞതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. ഏകോപനത്തിനും ചികിത്സയ്ക്കും നേതൃത്വം നൽകിയ മെഡിക്കൽ കോളേജിലേയും ആരോഗ്യവകുപ്പിലെയും എല്ലാവരെയും മന്ത്രി അഭിനന്ദിച്ചു.

****************************

## RAJIV RANJAN -MONSOON MEET

ക്ഷീരമേഖല- മൃഗസംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ട് ഒഡീഷയിലെ ഭുവനേശ്വറിൽ നടക്കുന്ന മൺസൂൺ യോഗത്തിൽ മന്ത്രി രാജീവ് രഞ്ജൻ സിംഗ് നാളെ നേതൃത്വം നൽകും. സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണ പ്രദേശങ്ങൾക്കുമായി ഏകീകൃത ചട്ടക്കൂട് സൃഷ്ടിക്കുകയാണ് ലക്ഷ്യമെന്ന് മൃഗസംരക്ഷണ മന്ത്രാലയം അറിയിച്ചു.

****************************

## GLOBAL BIO-INDIA

ജൈവ സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ മുന്നേറ്റത്തിന്റെ കാലഘട്ടത്തിനാണ് ഇന്ത്യ തുടക്കമിടുന്നതെന്ന് കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ്. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഗ്ലോബൽ ബയോ-ഇന്ത്യ 2024-നെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. മന്ത്രാലയങ്ങൾ, സംസ്ഥാന സർക്കാരുകൾ, സ്റ്റാർട്ടപ്പുകൾ, ഗവേഷകർ, തുടങ്ങി വിവിധ മേഖലയിലുള്ളവരുടെ വ്യവസായ ശൃംഖല ഒരുക്കാൻ ഗ്ലോബൽ ബയോ-ഇന്ത്യ പരിപാടിക്ക് കഴിയുമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

*********************************************************

*******************************************************************************************